# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

**കാസറഗോഡ്-671310, 0467 226 0632, rarspil@kau.in**


ബി2-1867/2025 തീയതി: 21.07.2025

## ദർഘാസ് പരസ്യം

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B2-418/2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **31.07.2025, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയ്യതി | **31.07.2025, 3.30 മണി** |
| ദർഘാസ് കാലാവധി | 6 മാസം |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"കാലിത്തൊഴുത്തിന് മേൽക്കൂര നിർമ്മിക്കുന്നതിനുള്ള ദർഘാസ്"** |

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ മൃഗസംരക്ഷണ വിഭാഗത്തിലേക്ക് കാലിത്തൊഴുത്തിന് മേൽക്കൂര നിർമ്മിക്കുന്നതിലേക്കായി വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് ക്ഷണിക്കുന്നു. ദർഘാസിൽ ഉൾപ്പെടുത്തേണ്ടവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നീളം : 13 meter

വീതി : 7 meter

| Sr. no. | Items | Qty |
|---|---|---|
| **1.** | 16 ft. sheet (0.35 mm) | 7 nos. |
| **2.** | 10 ft. sheet (0.35 mm) | 13 nos. |
| **3.** | Ridges grey | 3 nos. |
| **4.** | 2 1/2" x 1 1/2" GI square pipe-16 gauge | 67 meter |
| **5.** | 1 1/2" x ¾ GI square pipe-16 gauge | 102 meters |
| **6.** | 6" Pathy | 13 meters |
| **7.** | 6" clamp | 13 nos. |
| **8.** | 6" dropper | 2 nos. |
| **9.** | 6" joint | 2 nos. |
| **10.** | Epoxy primer | 3 litres |
| **11.** | Thinner | 2 litres |
| **12.** | 2.5 mm welding rod | 1 pack |

| | | |
|---|---|---|
| **13.** | Cutting wheel 4" green | 15 nos. |
| **14.** | Roller brush 4" | 1nos. |
| **15.** | Self-screw ¾ lotus aluminium | 300 nos. |
| **16.** | Loading charge | 91 Sq. m. |

- പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ **31.07.2025 ന് 3.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ പ്രസ്തുത സമയ പരിധികളിൽ ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതോ ആണ്. കാലിത്തൊഴുത്തിന് മേൽക്കൂര നിർമ്മിച്ച് സ്ഥാപിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ സപ്ലൈ ചെയ്ത് നിർമ്മിക്കാനാവശ്യമായ ചെലവ് എത്ര എന്ന് ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.**
- നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
- വിജയിയായ ദർഘാസുകാരൻ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സാധന സാമഗ്രികൾ എത്തിക്കേണ്ടതും നിർമ്മാണ പ്രവർത്തനം ആരംഭിക്കേണ്ടതുമാണ് .
- ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റു നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന്റേത് ആയിരിക്കും. ജോലിക്കിടയിൽ തൊഴിലാളികൾക്ക് ഉണ്ടാകാവുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ നിർദേശപ്രകാരം നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ആയതിനുള്ള ബിൽ ഹാജരാക്കിയാൽ തുക ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതായിരിക്കും. നിയമപ്രകാരമുള്ള ടാക്സുകൾ ബാധകമായിരിക്കും.
- ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
3. i/c ഫാം
4. ഫാം സൂപ്രണ്ട്
5. ശ്രീ.ആവേഷ് കുമാർ.സിംഗ്, അസിസ്റ്റന്റ് പ്രൊഫസർ (contract)
6. വെബ്സൈറ്റ്/ വാട്ട്സാപ്പ് ഗ്രൂപ്പ്

**// അംഗീകാരത്തോടെ//**

**സെക്ഷൻ ഓഫീസർ**